REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-09-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ മരിച്ച കോഴിക്കോട് സ്വദേശി അർജുന്റെ ഭൗതികാവശിഷ്ടങ്ങൾ കണ്ണാടിക്കലിലെ വീട്ടുവളപ്പിൽ വൻ ജനാവലിയുടെ സാന്നിധ്യത്തിൽ സംസ്കരിച്ചു.**
- **PV അൻവർ MLA യുടെ ആരോപണങ്ങളും പൊലീസ് ഉദ്യോഗസ്ഥരുടേത് ഉൾപ്പെടെ ഫോൺ ചോർത്തിയ സംഭവവും ഗൗരവമേറിയതാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.**
- **പ്രകൃതി സംരക്ഷണം ജീവിത ശൈലിയുടെ ഭാഗമാക്കാൻ സാധിക്കണമെന്ന് മന്ത്രി GR അനിൽ.**
- **കാട്ടുപന്നി ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ അവയെ വെടിവെയ്ക്കാൻ വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുമെന്ന് മന്ത്രി AK. ശശീന്ദ്രൻ.**
- **70-ാമത് നെഹ്റു ട്രോഫി വള്ളംകളിക്ക് ആലപ്പുഴ പുന്നമടക്കായലിൽ തുടക്കമായി.**
- **ഇന്ത്യയ്ക്കെതിരായ രണ്ടാം ടെസ്റ്റ് ക്രിക്കറ്റിൽ ബംഗ്ലാദേശിന്റെ ബാറ്റിംഗ് മഴ കാരണം വൈകുന്നു.**

## വാർത്തകൾ വിശദമായി

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ മരിച്ച കോഴിക്കോട് സ്വദേശി അർജുന്റെ ഭൗതികാവശിഷ്ടങ്ങൾ കണ്ണാടിക്കലിലെ വീട്ടുവളപ്പിൽ സംസ്കരിച്ചു. കണ്ണാടിക്കലിൽ നിന്ന് വിലാപയാത്രയായി എത്തിച്ച

മൃതദേഹത്തിൽ മന്ത്രി AK ശശീന്ദ്രൻ, കാർവാർ MLA സതീഷ് കൃഷ്ണ സെയിൽ, എം.കെ രാഘവൻ MP, MLA മാർ  തുടങ്ങി ആയിരക്കണക്കിന് ആളുകൾ അന്തിമോപചാരം അർപ്പിച്ചു.

കർണാടകയുടെ ധനസഹായമായ അഞ്ചു ലക്ഷം രൂപയും വ്യക്തിപരമായി ഒരു ലക്ഷം രൂപയും സതീഷ് കൃഷ്ണ സെയിൽ അർജുന്റെ കുടുംബത്തിന് കൈമാറി. കൂടുതൽ ധനസഹായത്തിനായി ഉടൻ കർണാടക ഗവൺമെന്റിനെ സമീപിക്കുമെന്ന്  MK രാഘവൻ എം.പി അറിയിച്ചു.

DNA പരിശോധന ഫലം പുറത്തുവന്നതിനു പിന്നാലെ ഇന്നലെ വൈകിട്ടോടെ സഹോദരൻ അഭിജിത്തും അർജുന്റെ സഹോദരീ ഭർത്താവ് ജിതിനും ചേർന്നാണ് മൃതദേഹം കർണാടകയിൽ ഏറ്റുവാങ്ങിയത്. പുലർച്ചെ രണ്ടരയോടെ കാർവാറിൽ നിന്ന് മൃതദേഹവുമായി ആംബുലൻസ് കാസർക്കോട്ടെത്തിയപ്പോൾ ജില്ലാ കലക്ടറും ജില്ലാ പൊലീസ് മേധാവിയും ഉൾപ്പെടെ നിരവധി പേർ അന്തിമോചാരമർപ്പിച്ചു. രാവിലെ ജില്ലാഅതിർത്തിയായ അഴിയൂരിൽ മന്ത്രി  A.K. ശശീന്ദ്രന്റെ നേതൃത്വത്തിൽ മൃതദേഹം ഏറ്റുവാങ്ങി.

✪✪✪

അർജുനെ ജീവനോടെ ലഭിക്കാൻ മനുഷ്യസാധ്യമായതെല്ലാം ചെയ്തുവെന്ന് കാർവാർ എം.എൽ.എ സതീഷ് കൃഷ്ണ സെയിൽപറഞ്ഞു. "ഇതുപോലൊരു ദൗത്യം ജീവിതത്തിലാദ്യമാണെന്നും  കേരളത്തിലെ മാധ്യമങ്ങൾക്ക് വലിയൊരു സല്യൂട്ട് നൽകുന്നുവെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.  കർണാടകയിലെ ജനങ്ങൾക്ക് നൽകുന്ന അതേ പിന്തുണയും സ്നേഹവും അർജുന് തങ്ങൾ നൽകിയെന്നും സതീഷ് കൃഷ്ണ അറിയിച്ചു.

✪✪✪

ഷിരൂർ രക്ഷാപ്രവർത്തന ദൗത്യത്തിൽ മാധ്യമപ്രവർത്തകരെ അഭിനന്ദിച്ച് MK രാഘവൻ എം.പിയും മഞ്ചേശ്വരം MLA എ.കെ.എം അഷ്റഫും. ഇന്ത്യ കണ്ട ഏറ്റവും വലിയ രക്ഷാദൗത്യമാണ് ഷിരൂരിൽ അർജനു വേണ്ടി നടത്തിയതെന്നും മാധ്യമപ്രവർത്തകരുടെ സമയോചിത ഇടപെടലാണ് സഹായകമായതെന്നും MK രാഘവൻ എം.പി പറഞ്ഞു. കേരളത്തിലെ മാധ്യമപ്രവർത്തകരുടെ ജാഗ്രതയും ഇടപെടലുമാണ് രക്ഷാപ്രവർത്തനത്തിന് സഹായകമായതെന്ന് എ.കെ.എം അഷ്റഫ് പറഞ്ഞു.

✪✪✪

സ്വാതന്ത്ര്യസമരസേനാനി ഭഗത് സിംഗിന്റെ ജന്മദിനമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയും ആഭ്യന്തരമന്ത്രി അമിത് ഷായും ശ്രദ്ധാഞ്ജലി അർപ്പിച്ചു.

മാതൃരാജ്യത്തിന്റെ ആത്മാഭിമാനം സംരക്ഷിക്കാൻ ജീവൻ ബലിയർപ്പിച്ച അനശ്വര രക്തസാക്ഷിയാണ് ഭഗത് സിംഗ് എന്ന് പ്രധാനമന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

വിപ്ലവകാരിയായ ഭഗത് സിംഗ് ബ്രിട്ടീഷ് ഭരണത്തെ വെല്ലുവിളിക്കുക മാത്രമല്ല രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും ഭാവിക്കും വേണ്ടി തന്റെ ജീവൻ ബലിയർപ്പിക്കുകയും ചെയ്തെന്ന് അമിത് ഷാ പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ആശയങ്ങൾ ജനങ്ങളുമായി പങ്ക് വെക്കുന്ന പ്രതിമാസ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11ന്. ദൂരദർശനും മൻ കി ബാത്ത് സംപ്രേഷണം ചെയ്യും. പ്രധാനമന്ത്രിയുടെ പ്രഭാഷണം കഴിഞ്ഞാലുടൻ അതിന്റെ മലയാള പരിഭാഷ ആകാശവാണിയുടെ കേരള നിലയങ്ങളിൽ കേൾക്കാം. രാത്രി എട്ടിന് പുനഃപ്രക്ഷേപണമുണ്ടാകും.

✪✪✪

79-ാമത് യുഎൻ പൊതുസഭയുടെ ഉന്നതതല സമ്മേളനത്തെ വിദേശകാര്യ മന്ത്രി ഡോ. S. ജയശങ്കർ ഇന്ന് അഭിസംബോധന ചെയ്യും. വർത്തമാന തലമുറയുടെയും മാനുഷിക അന്തസ്സിന്റെയും പുരോഗതിക്കായി ഒരുമിച്ച് പ്രവർത്തിക്കാം എന്നതാണ് പൊതു സംവാദത്തിന്റെ പ്രമേയം.

✪✪✪

ജമ്മുകശ്മീരിലെ കുൽഗാം ജില്ലയിൽ ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ മൂന്ന് സുരക്ഷാ ഭടൻമാർക്കും ഒരു പൊലീസ് ഉദ്യോഗസ്ഥനും പരിക്കേറ്റു. ഒരു സംഘം ഭീകരരുടെ സാന്നിധ്യം ജില്ലയിലെ അഡിഗാം ഗ്രാമത്തിൽ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് സൈന്യവും CRPF ഭടന്മാരും പൊലീസും തെരച്ചിൽ നടത്തുന്നതിനിടെയാണ് ഭീകരരുമായി ഏറ്റുമുട്ടിയത്.

✪✪✪

PV അൻവർ MLA യുടെ ആരോപണങ്ങളും പൊലീസ് ഉദ്യോഗസ്ഥരുടേത് ഉൾപ്പെടെ ഫോൺ ചോർത്തിയ സംഭവവും ഗൗരവമേറിയതാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു. പരാതി കിട്ടിയാൽ ഇക്കാര്യത്തിൽ നിയമപരമായ നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളെ അറിയിച്ചു. ഫോൺ ചോർത്തലിൽ റിപ്പോർട്ട് തേടിയിട്ടുണ്ടെന്നും മറുപടിക്കായി കാത്തിരിക്കുകയാണെന്നും ഗവർണർ വ്യക്തമാക്കി.

പൂക്കോട് വെറ്ററിനറി സർവകലാശാല ഡീനിനും അസി. വാർഡനും എതിരെ മരണമടഞ്ഞ സിദ്ധാർത്ഥന്റെ രക്ഷിതാക്കൾ പരാതി നൽകിയിട്ടുണ്ടെന്നും ഗവർണർ അറിയിച്ചു.

ഡീനിനെയും അസി. വാർഡനെയും തിരിച്ചെടുക്കുന്ന കാര്യത്തിൽ ഇരുവിഭാഗങ്ങളുടേയും അഭിപ്രായം കേട്ട ശേഷം മാത്രമായിരിക്കും സ്റ്റേ നടപടിയിൽ അന്തിമ തീരുമാനമെന്നും ഗവർണർ പറഞ്ഞു.

✪✪✪

പ്രകൃതി സംരക്ഷണം ജീവിത ശൈലിയുടെ ഭാഗമാക്കാൻ നമുക്ക് സാധിക്കണമെന്ന് മന്ത്രി GR അനിൽ പറഞ്ഞു. ഉപഭോക്തൃകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ലോക ഹരിത ഉപഭോക്തൃദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടുമ്പോൾ പ്രകൃതി പ്രതികരിക്കുമെന്നും വയനാട് ദുരന്തം നമുക്ക് കാട്ടിത്തരുന്നത് അതാണെന്നും മന്ത്രി പറഞ്ഞു. വന നശീകരണം തടയേണ്ടതിന്റെയും സുസ്ഥിര ഭൂ വിനിയോഗം കർശനമായി നടപ്പാക്കേണ്ടതിന്റെയും ആവശ്യകത മനസിലാക്കി നാം പ്രവർത്തിക്കണമെന്നും മന്ത്രി പറഞ്ഞു.

വസ്തുക്കളുടെ പുനരുത്പാദനവും പുനരുപയോഗവും മിതമായ ഉപയോഗവും സംബന്ധിച്ച അവബോധം സൃഷ്ടിക്കുക, ഹരിത ഉപഭോക്തൃ സംസ്കാരം വളർത്തിയെടുക്കുക എന്നിവയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

✪✪✪

ചൂരൽമല ഉരുൾപൊട്ടലിൽ പാസ്പോർട്ട് നഷ്ടമായവർക്കായി പ്രത്യേക ക്യാമ്പ് ആരംഭിച്ചു. മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10,11,12 വാർഡിൽ ഉൾപ്പെടുന്നവർക്കായി മേപ്പാടി പഞ്ചായത്ത് ഓഫീസിനു സമീപത്താണ് പാസ്പോർട്ട് അദാലത്ത്. അപേക്ഷ സമർപ്പിച്ച 100 പേർക്ക് പാസ് പോർട്ട് നൽകും. ഇതിനായി മൊബൈൽ പാസ്പോർട്ട് വാൻ സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായാണ് പാസ്പോർട്ട് വിതരണത്തിനാ യി ഇത്തരത്തിൽ മൊബൈൽ പാസ്പോർട്ട് വാൻ സംവിധാനം ഏർപ്പെടുത്തുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകശവാണി വയനാട്ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്

.....വോയ്സ്.....

✪✪✪

സംസ്ഥാനത്ത് കാട്ടുപന്നി ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ അവയെ വെടിവെയ്ക്കാൻ വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കാനും പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കാനും നടപടി സ്വീകരിക്കുമെന്ന്  മന്ത്രി AK. ശശീന്ദ്രൻ പറഞ്ഞു. ഇതിന് മുന്നോടിയായി വ്യാഴാഴ്ച്ച  മന്ത്രി ഉന്നതതല യോഗം വിളിച്ചിട്ടുണ്ട്. ജനവാസ മേഖലയിൽ ഇറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലാൻ വൈദഗ്ധ്യം നേടിയ  ഉദ്യോഗസ്ഥരെയും താൽപര്യമുള്ള ആളുകളെയും ലഭിക്കാത്ത  സാഹചര്യത്തിലാണ് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്ന കാര്യം വനം വകുപ്പ് പരിശോധിക്കുന്നത്.

✪✪✪

ആലപ്പുഴ പുന്നമടക്കായലിലെ ജലപൂരമായ നെഹ്റു ട്രോഫി വള്ളംകളി തുടങ്ങി. ചെറുവള്ളങ്ങളുടെ പ്രാഥമികതല മത്സരമാണ് ഇപ്പോൾ നടക്കുന്നത്. 74 വള്ളങ്ങളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി R. രവികുമാർ.

....വോയ്സ്....

✪✪✪

ഇന്ത്യയ്ക്കെതിരായ രണ്ടാം  ടെസ്റ്റ് ക്രിക്കറ്റിൽ ബംഗ്ലാദേശിന്റെ ബാറ്റിംഗ് മഴ കാരണം വൈകുന്നു. കാൺപൂരിൽ ഒന്നാം ഇന്നിങ്സിൽ  മൂന്ന് വിക്കറ്റിന് 107 റൺസ് എന്ന നിലയിൽ ബംഗ്ലാദേശിന് രണ്ടാം ദിവസമായ ഇന്ന്  ഇന്നിങ്സ് പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല.  കനത്ത മഴയെത്തുടർന്ന് ഇന്നലെ ഉച്ചക്ക് കളി നിർത്തിവെച്ചിരുന്നു.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോളിൽ ഇന്നലെ നാലാം റൗണ്ടിലെ അവസാന മത്സരത്തിൽ ഫോഴ്സ കൊച്ചി, തിരുവനന്തപുരം കൊമ്പൻസിനെ തോൽപ്പിച്ചു. കൊച്ചി കലൂർ നെഹ്റു സ്റ്റേഡിയത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ഫോഴ്സ വിജയിച്ചത്.

✪✪✪

സംസ്ഥാനത്തെ ക്രമസമാധാന ചുമതലയുള്ള ADGP എം.ആർ അജിത് കുമാറിനെ മാറ്റിയേ തീരൂവെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. RSS ബന്ധമുള്ള ഒരു ഉദ്യോഗസ്ഥൻ LDF ഗവൺമെന്റിൽ  ADGP ആകാൻ  പാടില്ലെന്നും  അദ്ദേഹം കോട്ടയത്ത് മാധ്യമങ്ങളോട് പറഞ്ഞു.

രണ്ടുവട്ടം RSS നേതാക്കളുമായി ADGP കൂടിക്കാഴ്ച നടത്തിയത് എന്തിനാണെന്ന് ആർക്കും അറിയില്ലെന്നും ADGPയെ മാറ്റണമെന്ന CPIയുടെ നിലപാടിൽ മാറ്റമില്ലെന്നും ബിനോയ് വിശ്വം വ്യക്തമാക്കി.

✪✪✪

സ്വച്ഛത ഹി സേവാ, മാലിന്യമുക്തം നവകേരളം ക്യാമ്പയിനുകളുടെ ഭാഗമായി കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ രണ്ടു ദിവസത്തെ മാലിന്യ സംസ്കരണ ഉപാധികളുടെ പ്രദർശനം ആരംഭിച്ചു. ജില്ലാ ശുചിത്വ മിഷനാണ് റെയിൽവേയുടെ സഹകരണത്തോടെ പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

KSEB, ഗാന്ധിജയന്തി ദിനമായ ഒക്ടോബർ രണ്ടിന് ഉപഭോക്തൃസേവന ദിനമായും തുടർന്ന് ഉപഭോക്തൃസേവന വാരമായും ആചരിക്കുമെന്ന് മന്ത്രി K കൃഷ്ണൻകുട്ടി അറിയിച്ചു. സംസ്ഥാനതല ഉദ്ഘാടനം പാലക്കാട് കൊല്ലംകോട് ഗ്രാമപഞ്ചായത്ത് ഹാളിൽ തിങ്കളാഴ്ച നിർവഹിക്കുമെന്ന് അദ്ദേഹം ഫേസ്ബുക്കിൽ അറിയിച്ചു. വാരാചരണത്തിന്റെ ഭാഗമായി ഈ ദിവസങ്ങളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും നിയമപരമായ തടസ്സങ്ങളൊന്നുമില്ലെങ്കിൽ പുതിയ വൈദ്യുതി കണക്ഷനുകൾ 24 മണിക്കൂറിനകം നൽകുന്നതിനും നടപടി സ്വീകരിക്കുമെന്നും K കൃഷ്ണൻ കുട്ടി വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് ഒരാഴ്ച വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ചിലയിടങ്ങളിൽ ശക്തമായ മഴക്കും സാധ്യതയുണ്ട്.

കനത്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

കേരളാ തീരത്ത് കടൽ ക്ഷോഭത്തിനും ഉയർന്ന തിരമാലകൾക്കും സാധ്യതയുള്ളതിനാൽ നാളെ മുതൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

✪✪✪

P.T. ഭാസ്കര പണിക്കരുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ ഈ വർഷത്തെ പ്രതിഭാ പുരസ്കാരം പ്രക്ഷേപകനും ഫോക് ലോർ ഗവേഷകനുമായ കണ്ണൂർ അഴീക്കോട്ടെ ബാലകൃഷ്ണൻ കൊയ്യാൽ അർഹനായി. അടുത്ത മാസം 15 ന് പയ്യന്നൂരിൽ നടക്കുന്ന ചടങ്ങിൽ സ്വാതന്ത്ര്യ സമര സേനാനി C.P. അപ്പുക്കുട്ടപ്പൊതുവാൾ അവാർഡ് സമ്മാനിക്കും.